പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1308

31/10/2019-ൽ മറുപടിയ്ക്ക്

**തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നിലവാരം - കിഫ്ബി മുഖാന്തിരം ഫണ്ടുകൾ**

| ചോദ്യം<br>ശ്രീ എ. എൻ. ഷംസീർ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തലശ്ശേരി നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിനാണ് കിഫ്ബി മുഖാന്തിരം ഫണ്ടുകൾ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;<br>(ബി) ഈ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടി ക്രമങ്ങളാണുള്ളതെന്നും വ്യക്തമാക്കാമോ? | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തലശ്ശേരി നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന 8 സ്കൂളുകൾക്കാണ് കിഫ്ബി വഴി നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചത്.<br>1. ചിറക്കര ജി.എച്ച്. എസ്.എസ് - 5 കോടി- നിർമ്മാണപ്രവർത്തനം പുരോഗമിച്ചു വരുന്നു.<br>2. കതിരൂർ ജി.വി.എച്ച്.എസ്.എസ് - 2017-18 ൽ 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും KITE ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തു നിർമ്മാണപ്രവർത്തനം പുരോഗമിച്ചു വരുന്നു.<br>3. ജി.എച്ച്.എസ്.എസ്.തിരുവങ്ങാട്, ഗവ. ബ്രണ്ണൻ. എച്ച്.എസ്.എസ്. തലശ്ശേരി എന്നീ സ്കൂളുകൾ 2018-19 ൽ 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും നിർമ്മാണച്ചുമതല SPV ആയ INKEL നെ ഏൽപ്പിക്കുകയും ചെയ്തു.<br>ഒരു കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ ജി.വി.എച്ച്.എസ്.എസ് കൊടുവള്ളി, ജി.എച്ച്.എസ്.എസ് ചുണ്ടങ്ങാപ്പൊയിൽ, ജി.എച്ച്.എസ്.എസ് തലശ്ശേരി, ജി.എച്ച്.എസ്.എസ് വടക്കുമ്പാട് എന്നീ സ്കൂളുകളുടെ നിർമ്മാണം LSGD മുഖാന്തിരം നടത്താനും SPV യായി KILA യേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

Namitha.P

**സെക്ഷൻ ഓഫീസർ**